# അരുണാചൽ പ്രദേശിലെ സ്ഥലങ്ങളുടെ പേര് ചൈന പുനർനാമകരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ഏപ്രിൽ 04, 2023

അരുണാചൽ പ്രദേശിലെ സ്ഥലങ്ങളുടെ പേര് ചൈന പുനർനാമകരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചി ഇപ്രകാരം പറഞ്ഞു.

"ഇത്തരം റിപ്പോർട്ടുകൾ ഞങ്ങൾ കണ്ടു. ഇതാദ്യമായല്ല ചൈന ഇത്തരമൊരു ശ്രമം നടത്തുന്നത്. ഞങ്ങൾ ഇത് പൂർണ്ണമായും തള്ളിക്കളയുന്നു.

അരുണാചൽ പ്രദേശ് ഇന്ത്യയുടെ അവിഭാജ്യ ഭാഗമാണ്. കണ്ടുപിടിച്ച പേരുകൾ നൽകാനുള്ള ശ്രമങ്ങൾ ഈ യാഥാർത്ഥ്യത്തെ മാറ്റില്ല."

**ന്യൂ ഡൽഹി**

**ഏപ്രിൽ 04, 2023**